# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് – വിമുക്ത ഭടന്റെ ഭാര്യയുടെ പേരിലുള്ള ഭവനത്തിന് വസ്തു നികുതി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 1761 /2010/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, മേയ് 27, 2010.

---

പരാമർശം: 1. 25-07-2008-ലെ ജി.ഒ. (എം.എസ്) 212/2008/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

2. 29-08-2009-ലെ ജി.ഒ. (എം.എസ്) 171/2009/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

3. ശ്രീ.ശ്രീകുമാരൻ നായർ.സി, വടക്കേ പടിഞ്ഞാറ്റ് വീട്, 239/എ, വാർഡ് 36, കോഴിക്കോട് കോർപ്പറേഷൻ 28-01-2010-ൽ സമർപ്പിച്ച നിവേദനം.

<u>ഉത്തരവ്</u>

വിമുക്ത ഭടനോ, ഭടന്റെ വിധവയോ താമസത്തിനായി ഉപയോഗിക്കുന്നതും വിമുക്ത ഭടന്റേയോ വിധവയുടേയോ സ്വന്തം പേരിലുള്ളതുമായ ഒരു ഭവനത്തെ തറ വിസ്തീർണ്ണം നോക്കാതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. എന്നാൽ സ്വന്തം പേരിൽ വീടില്ലാത്ത വിമുക്ത ഭടൻ, ഭാര്യയുടെ പേരിലുള്ള വീട്ടിലാണ് താമസിക്കുന്നതെങ്കിൽ ആ വീടിനും നികുതിയിളവ് അനുവദിയ്ക്കണമെന്ന് പരാമർശം (3)-ലെ നിവേദനത്തിൽ ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ വെളിച്ചത്തിൽ സ്വന്തം പേരിൽ വീടില്ലാത്ത വിമുക്ത ഭടൻ, ഭാര്യയുടെ പേരിലുള്ള വീട്ടിലാണ് താമസിക്കുന്നതെങ്കിൽ ആ വീടിന് വസ്തു നികുതി ഒഴിവാക്കി നൽകുവാനും എന്നാൽ മകന്റേയോ മകളുടേയോ പേരിലുള്ള വീട്ടിലാണ് വിമുക്ത ഭടൻ താമസിക്കുന്നതെങ്കിൽ അത്തരം ഭവനങ്ങൾക്ക് നികുതിയിളവ് അനുവദിയ്ക്കേണ്ടതില്ലെന്നും വ്യക്തമാക്കിക്കൊണ്ട് താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഭാര്യയുടെ പേരിലുള്ള കെട്ടിടത്തിന്റെ നമ്പർ രേഖപ്പെടുത്തി, വിമുക്ത ഭടന്റെ പേരിൽ മറ്റെവിടെയും വീടില്ലെന്നും, ഭാര്യയുടെ പേരിലുള്ള മറ്റൊരു വീടിനും ഇത്തരം ഇളവ് ലഭിയ്ക്കുന്നില്ലെന്നും സാക്ഷ്യപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സത്യവാങ്മൂലം നൽകേണ്ടതാണ്.

(മറുപുറം)

2. ഒരു വിമുക്ത ഭടന്റേയോ/ഭാര്യയുടേയോ/വിധവയുടേയോ വീടിന് വസ്തു നികുതിയിൽ ഇളവ് അനുവദിയ്ക്കുമ്പോൾ ആ വിവരം ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിലോ സർവ്വീസ് രേഖയിലോ രേഖപ്പെടുത്തിയോ മുദ്രവച്ചോ നൽകേണ്ടതാണ്.

3. എപ്പോഴെങ്കിലും വിമുക്ത ഭടനോ/ഭാര്യയോ/വിധവയോ വീടിന്റെ ഉടമസ്ഥാവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുമ്പോൾ ആ വിവരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ അധികൃതരെ അറിയിക്കേണ്ടതാണ്.

4. വിമുക്ത ഭടനോ/ഭാര്യയോ/വിധവയോ മരണപ്പെട്ടാൽ ആ വിവരം ഏറ്റവുമടുത്ത ബന്ധുക്കൾ യഥാസമയം തദ്ദേശ സ്വയംഭരണ അധികൃതരെ അറിയിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എസ്.എം.വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

To

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

എല്ലാ മേയർമാർക്കും/മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രശാന്ത് ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റേയും മറ്റ് സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).

ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം (പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.